കേരള സർക്കാർ

സംഗ്രഹം

പബ്ലിക് സർവീസസ് - വികലാംഗ ദിനാഘോഷത്തോടനുബന്ധിച്ചു നടത്തുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന സർക്കാർ അർദ്ധസർക്കാർ -പൊതുമേഖലസ്ഥാപനങ്ങളിലെ വികലാംഗരായ ജീവനക്കാർക്കു വികലാംഗദിനമായിആഘോഷിക്കുന്ന ഡിസംബർ 3- ാം തീയതി സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര ( ഉപദേശ-സി ) വകുപ്പ്

*ജി.ഒ.പി 9-97- ഉ.ഭ.പ.വ* *തിരുവനന്തപുരം 3-6-97*

---

പരാമർശം .-1. 2-12-96 ലെ വികലാംഗ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന പ്രസിഡന്റിന്റെ നിവേദനം .

2. 3-12-96 ലെ കേരള സ്റ്റേറ്റ് ഹാന്റിക്യാപ്ഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 6026-97-നം .കത്ത്

## ഉത്തരവ്

വികലാംഗ ദിനാഘോഷത്തോടനുബന്ധിച്ചു നടത്തുന്ന കലാകായിക മത്സരങ്ങളിലും മറ്റും പങ്കെടുക്കുന്ന സർക്കാർ / അർദ്ധസർക്കാർ /പൊതുമേഖല സ്ഥാപനങ്ങളിലെ വികലാംഗ രായ ജീവനക്കർക്ക് വികലാംഗദിനമായി ആഘോഷിക്കുന്ന ഡിസംബർ 3-ാം തീയതി പ്രവർത്തി ദിനമാണെങ്കിൽ പ്രസ്തുത ദിവസം ശമ്പളത്തോടുകൂടി അവധി അനുവദിക്കണമെന്ന പരാമർശം ഒന്നിലെ നിവേദനത്തിലെ ആവശ്യം സർക്കാർ അനുഭാവ പൂർവം പരിഗണിക്കണമെന്ന് വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം രണ്ടിലെ കത്തിലൂടെ ശുപാർശ ചെയ്യുകയുണ്ടായി.

പ്രസ്തുത ആവശ്യം സർക്കാർ പരിഗണിക്കുകയും വികലാംഗ ദിനാഘോഷത്തോടനുബന്ധിച്ചു നടത്തുന്ന കലാകായിക മത്സരങ്ങളിലും മറ്റും പങ്കെടുക്കുന്ന സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ വികലാംഗരായ ജീവനക്കാർക്ക് എല്ലാവർഷവും വികലാംഗ ദിനമായി ആഘോഷിക്കുന്ന ഡിസംബർ 3-ാം തീയതി പ്രവർത്തി ദിനമാണങ്കിൽ ടി.ദിവസം സ്പെഷ്യൽ കാഷ്യൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുമിക്കുന്നു.

മേലെഴുത്ത് നം. ഇ 6-44691/97 തി . 3-11-97

*അഡീഷണൽ സെക്രട്ടറി*

പകർപ്പ് എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഡി.എഫ്.ഒ മാർക്കും അറിവിലേക്കായി അയക്കുന്നു. പകർപ്പ് സി.സി.എഫ് (വി) , സി.സി.എഫ് (വൈൽഡ് ലൈഫ് ) സോഷ്യൽ ഫോറസ്ട്രിയിൽ അയക്കുന്നു. /പകർപ്പ് എല്ലാ സെക്ഷനിലും . പകർപ്പ് സ്റ്റേറ്റ് ഫയലിലേക്ക്.

*ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി) ,ക്കു വേണ്ടി*